**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1765** **13-02-2025 - ൽ മറുപടിയ്ക്ക്**

**സ്ഥിരം അപകടമേഖലകളിൽ യാത്രാസുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ സ്ഥിരം അപകടമേഖലകളിൽ യാത്രാസുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ റോഡുകളിൽ സ്ഥിരം അപകടമേഖലകളിൽ യാത്രാ സുരക്ഷ നടപ്പാക്കുന്നതിലേയ്ക്കായി മോട്ടോർ വാഹന വകുപ്പ് സ്ഥിരമായ വാഹന പരിശോധന നടത്തിവരുന്നു. ടി മേഖലയിലെ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഡ്രൈവർമാർക്ക് റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ, റോഡു സുരക്ഷാ മാസാചരണം, റോഡു സുരക്ഷാ വാരാചരണം എന്നിവ നടത്തുന്നു. സ്ഥിരം അപകട മേഖലകളിൽ അപകടം ഒഴിവാക്കുന്നതിലേക്കായി എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ റോഡു സുരക്ഷ ഓഡിറ്റ് നടത്തുകയും ടി മേഖലയിൽ നടപ്പിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ക്രിയാത്മക നിർദ്ദേശങ്ങൾ ജില്ലാ റോഡു സുരക്ഷാ കൗൺസിലിൽ സമർപ്പിക്കുകയും അതുവഴി തുടർ നടപടികൾ സ്വീകരിക്കാൻ റോഡു പരിപാലന ഏജൻസികളായ പി ഡബ്ല്യൂ ഡി, എൻ എച്ച് എ ഐ, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്തു വരുന്നു.<br><br>കൂടാതെ, റോഡുകളിലെ സ്ഥിരം അപകട മേഖലകളിൽ പോലീസ് ഉദ്യോഗസ്ഥരെയും, ഹോം ഗാർഡുമാരെയും ഗതാഗത നിയന്ത്രണത്തിനായി ഡ്യൂട്ടിക്ക് നിയമിച്ച് വരുന്നു. വാഹനങ്ങളുടെ അമിത വേഗത കണ്ടെത്തുന്നതിനായി ഇന്റർസെപ്റ്റർ വാൻ നിരത്തുകളിൽ പട്രോളിങ് നടത്തി വരുന്നുണ്ട്. അപകട സാധ്യതാ മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ, PWD, NHAI, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹകരണത്താൽ ബ്ലിങ്കർ ലൈറ്റ്, ഡിവൈഡർ, റിമ്പിൾ സ്ട്രിപ്പ് തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. വളവുകൾ, റോഡ്/ നടപ്പാത കയ്യേറ്റം ഒഴിവാക്കൽ, കാഴ്ച മറയ്ക്കുന്ന |

മരങ്ങൾ വെട്ടി മാറ്റുന്നത്, തെരുവ് വിളക്കുകൾ, സിഗ്നൽ ലൈറ്റുകൾ, ദിശാബോർഡുകൾ, മീഡിയനുകൾ, സീബ്രാ ലൈനുകൾ സ്ഥാപിക്കൽ, അനധികൃത ഓപ്പണിങ്ങുകൾ/U-Turn ഒഴിവാക്കൽ തുടങ്ങിയ കാര്യങ്ങളിൽ ട്രാഫിക്ക് റഗുലേറ്ററി കമ്മിററി യോഗം ചേർന്ന് തീരുമാനങ്ങൾ കൈകൊണ്ട് നടപടികൾ സ്വീകരിച്ചു വരുന്നു. യാത്ര സുരക്ഷ ഉറപ്പാക്കാൻ വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ, വേഗത പരിധി, 'No Overtaking' സൈൻ ബോർഡുകൾ, ഷെവറോൺ എന്നീ സൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. അമിത വേഗത നിയന്ത്രിക്കുന്നതിനായി റോഡിൽ സ്പീഡ് ബ്രേക്കറുകൾ, റിമ്പിൾ സ്ട്രിപ്പുകൾ എന്നിവ സ്ഥാപിച്ചും തിരക്കേറിയ സ്ഥലങ്ങളിലും ജംഗ്ഷനുകളിലും വേഗത കുറയ്ക്കാൻ ആവശ്യമായ ട്രാഫിക് സിഗ്നലുകൾ കൂടാതെ മഞ്ഞവര/ തുടർച്ചയായ ഡിപ് എന്നിവ സ്ഥാപിച്ചു വരുന്നുണ്ട്. അപകട സാധ്യത മേഖലകളിൽ റോഡിന് മതിയായ വീതിയില്ലെങ്കിൽ സ്ഥല ലഭ്യതയനുസരിച്ച് റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നതിനും സ്ഥിരമായി അപകടമുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പതിവായി അപകടമുണ്ടാകുന്ന സ്ഥലങ്ങളിൽ 'അപകട സാധ്യത മേഖല'സൈൻ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ ഡ്രൈവിങ്ങിലെ പിഴവുകൾ മൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകൾ, ക്ലബ്ബുകൾ, മറ്റ് സാംസ്കാരിക സംഘടനകൾ മുതലായവ നടത്തി വരുന്ന പരിപാടികളിൽ ജനമൈത്രി പോലീസ്, ട്രാഫിക് പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവ സംയുക്തമായി ചേർന്ന് ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. റോഡുകളിലെ സ്ഥിരം അപകടമേഖലകളിൽ യാത്രാ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ബ്ലാക്ക് സ്പോട്ടുകൾ നിർണ്ണയിച്ചും, അപകടസ്ഥലങ്ങൾ സന്ദർശിച്ച് അപകടകാരണങ്ങൾ കണ്ടെത്തി ആയവ കുറക്കുന്നതിലേക്കായി കർശന നിരീക്ഷണം നടത്തുന്നതിനായി സെക്ടർ എൻഫോഴ്സ്മെന്റ് പാർട്ടികളെ നിയോഗിച്ചിട്ടുള്ളതുമാണ്. അമിതഭാരം കയറ്റിയും, മദ്യവും മറ്റു ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചും, അമിത വേഗതയിൽ വണ്ടിയോടിച്ചു വരുന്നവരെ കണ്ടെത്തി പിഴ ഈടാക്കിയും ഇത്തരത്തിൽ വാഹനമോടിച്ച് അപകടം വരുത്തുന്ന കേസുകളിൽ വാഹനമോടിച്ചവരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യാനുള്ള നിർദ്ദേശങ്ങൾ

| | | | |
|---|---|---|---|
| | | | പോലീസ് മോട്ടോർ വാഹന വകുപ്പിനു കൈമാറിയും വരുന്നുണ്ട്. അശ്രദ്ധമായി കാൽനടയാത്രക്കാർ റോഡ് മുറിച്ചു കടക്കുന്നതുമൂലം വാഹനാപകടങ്ങളിൽപെടുന്നത് ഒഴിവാക്കുന്നതിനായി റോഡുകളുടെ മീഡിയനുകളിൽ ഫെൻസിംഗുകൾ സ്ഥാപിക്കുന്നതിനായി പോലീസ് വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളിലെ മീഡിയനുകളിൽ രാത്രികാലങ്ങളിൽ ദൃശ്യമാകുന്ന സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും സ്കൂളുകൾക്ക് സമീപം സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും പോലീസ് റോഡ് പരിപാലന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. റോഡിന്റെ ഉപരിതലത്തിലെ ഏറ്റക്കുറച്ചിലുകൾ മൂലം വാഹനാപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ആയത് പരിഹരിക്കുന്നതിനും റോഡുകളിൽ രൂപപ്പെടുന്ന കുഴികൾ, പൊട്ടിപ്പൊളിഞ്ഞ സ്ലാബുകൾ എന്നിവ അറ്റകുറ്റപണികൾ ചെയ്യുന്നതിനുമായും വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് ജില്ലാ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, ഡ്രൈവർമാർ, റൈഡർമാർ എന്നിവർക്ക് ബോധവത്കരണങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) | പാലക്കാട് നാല് സ്കൂൾ വിദ്യാർഥികളുടെ ജീവനെടുത്ത കരിമ്പ പനയംപാടം വളവിൽ അപകടസാധ്യതാ മുന്നറിയിപ്പ് നൽകിയ റിപ്പോർട്ടുകൾ അവഗണിക്കാനുള്ള കാരണം വിശദമാക്കുമോ; | (ബി) | പാലക്കാട് ജില്ലയിലെ കരിമ്പ പനയംപാടം വളവിൽ അപകട സാധ്യത മുന്നറിയിപ്പ് നൽകിയ റിപ്പോർട്ടുകൾ അവഗണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി മേഖലയിൽ അപകടം കുറയ്ക്കുന്നതിന് നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും നടപ്പിൽ വരുത്തുന്നതിന് മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സ്റ്റേഷൻ മൊബൈൽ, ഹൈവേ പോലീസ് വാഹനം എന്നിവ ഉപയോഗിച്ച് ഇത്തരം സ്ഥലങ്ങളിൽ പോലീസ് വകുപ്പും പട്രോളിംഗ് നടത്തി വരുന്നുണ്ട്.<br><br>പാലക്കാട് പനയംപാടത്ത് അപകടമുണ്ടായി സ്കൂൾ കുട്ടികൾ മരിക്കാനിടയായ അപകടത്തെ തുടർന്ന്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത്, ട്രാൻസ്പോർട്ട് കമ്മീഷണർ, ചീഫ് എഞ്ചിനീയർ കെ എസ് ടി പി, നാഷണൽ ഹൈവേ, എൻ എച്ച് എ ഐ, റീജിയണൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരുകയും വാഹനങ്ങൾക്ക് സുരക്ഷിതമായ സഞ്ചാരം ഉറപ്പാക്കാൻ വേണ്ടി റോഡിൽ ഡിവൈഡർ സ്ഥാപിക്കാനും ഇറക്കം തുടങ്ങുന്ന ഭാഗത്ത് സ്പീഡ് ബ്രേക്കർ സ്ഥാപിക്കാനും അപകടം നടന്ന സ്ഥലത്ത് റോഡ് ഷോൾഡർ സ്ഥാപിക്കാനും |

| | | | |
|---|---|---|---|
| | | | ഈ ഭാഗത്ത് പാർക്കിംഗുകൾ ഒഴിവാക്കാനും റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും റോഡു മാർക്കിംഗുകൾ ശരിയായ വിധത്തിൽ വരയ്ക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നടപടികൾ പുരോഗമിച്ച് വരുകയും ചെയ്യുന്നു. |
| (സി) | സ്ഥിരം അപകടമേഖലകളിലെ അപകട കാരണം കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | Ministry of Road Transport & Highways, Govt. of India യുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ഥിര അപകട സ്ഥലങ്ങൾ (ബ്ലാക്ക് സ്പോട്ടുകൾ ) നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്ന റോഡ് ഭാഗങ്ങളിൽ കേരള സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി (KRSA), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (NATPAC) മായി ചേർന്ന് പഠനം നടത്തി ടി റോഡ് ഭാഗത്തെ ബ്ലാക്ക് സ്പോട്ടുകളായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിന് PWD, NHAI തുടങ്ങിയ ഏജൻസികളുടെ സഹകരണത്താൽ, ബ്ലിങ്കർ ലൈറ്റ്, ഡിവൈഡർ, റിമ്പിൾ സ്ട്രിപ്പ് തുടങ്ങിയവ സ്ഥാപിച്ച് വരുന്നുണ്ട്. ബ്ലാക്ക് സ്പോട്ടുകളിൽ അപകടങ്ങൾ കുറയ്ക്കാൻ സൂചനാ ബോർഡുകൾ സ്ഥാപിച്ചും, കൃത്യമായ റോഡ് അടയാളങ്ങൾ സ്ഥാപിച്ചും, സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചും, വൺവേ സിസ്റ്റം, സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചും, കൃത്യമായ വാഹന പരിശോധനകൾ നടത്തിയും റോഡ്/ നടപ്പാത കയ്യേറ്റം ഒഴിവാക്കൽ, കാഴ്ച മറയ്ക്കുന്ന മരങ്ങൾ വെട്ടി മാറ്റുന്നത്, തെരുവ് വിളക്കുകൾ, ദിശാബോർഡുകളൾ, മീഡിയനുകൾ, സീബ്രാ ലൈനുകൾ സ്ഥാപിക്കൽ അനധികൃത ഓപ്പണിങ്ങുകൾ/U-Turn ഒഴിവാക്കൽ തുടങ്ങിയ കാര്യങ്ങളിൽ ട്രാഫിക് റഗുലേറ്ററി കമ്മിറ്റി യോഗം ചേർന്ന് തീരുമാനങ്ങൾ കൈകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ